# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5246** **27-6-2019 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ ടൈപ്പ് വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ**

**ചോദ്യം** **മറുപടി**

**ശ്രീ. എൻ. ഷംസുദ്ദീൻ :**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കൃത്യത കൂടിയതും (0.03 മി.ലി) കപ്പാസിറ്റി 17 മി.ലി/ 23 മി.ലി / 30 മി. ലി ഉള്ളതുമായ പിപ്പറ്റ് മെഷറുകൾ, വർക്കിംഗ് സ്റ്റാൻഡേർഡ് മെഷർ ആയി ഉപയോഗിക്കുന്നത് നിയമപരമാണോ എന്നത് ചട്ടവും ഉപചട്ടവും സഹിതം വിശദമാക്കുമോ; | (എ) | ലീഗൽ മെട്രോളജി ജനറൽ റൂൾ 2011 ന്റെ മൂന്നാം ഷെഡ്യൂളിൽ, പാർട്ട് III സീരിയൽ നമ്പർ 5 പ്രകാരം പിപ്പറ്റ് മെഷറുകളുടെ കപ്പാസിറ്റി നിഷ്കർഷിച്ചിരിക്കുന്നത് 10 മി.ലി, 5 മി.ലി എന്നിങ്ങനെയാണ്. ഇതിൽ ഗ്രാജ്വേറ്റഡ് പിപ്പറ്റുകൾക്ക് കപ്പാസിറ്റി 5 മി.ലി ഗ്രാജ്വേഷൻ $1/10^{th}$ ഓഫ് കപ്പാസിറ്റി എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മാക്സിമം കപ്പാസിറ്റി ഇതിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ മാക്സിമം കപ്പാസിറ്റി, പ്രിസ്ക്രൈബ്ഡ് കപ്പാസിറ്റി-യേക്കാൾ അധികം ആകാവുന്നതാണ്. |
| (ബി) | കേരളത്തിലെ വ്യാപാരികളുടെ 2 കി.ഗ്രാം കാരിരുമ്പ് കട്ടികൾ, 20 കി. ഗ്രാം കപ്പാസിറ്റി ഉള്ളതും e=100mg ഉള്ളതുമായ ഡിജിറ്റൽ ടൈപ്പ് വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ ഉപയോഗിച്ച് പുനഃപരിശോധന നടത്തുന്ന ചില ലീഗൽ മെട്രോളജി ഉദ്യോഗസ്ഥരുടെ നടപടി 2011-ലെ ജനറൽ റൂൾസ് പ്രകാരം നിയമപരമാണോ എന്നതിന്റെ വിശദമായ വിവരം നൽകുമോ; | (ബി) | ലീഗൽ മെട്രോളജി ജനറൽ റൂൾ 2011-ൽ ഷെഡ്യൂൾ IV ൽ പാർട്ട് III ൽ ക്രമ നമ്പർ 3 പ്രകാരം 20.കി. ഗ്രാം കപ്പാസിറ്റിയുള്ള 0.1 ഗ്രാം (100 മി.ഗ്രാം) ഇ-വാല്യൂ ഉള്ളതുമായ ഡിജിറ്റൽ ബാലൻസിൽ 20.കി. ഗ്രാം മുതൽ 2 കി.ഗ്രാം വരെ നോൺ ബുള്ള്യൻ വെയിറ്റ്സ് പുനഃപരിശോധന നടത്തുന്നത് നിയമ പ്രകാരമാണ്. |

<table>
<tr>
<td>(സി)</td>
<td>2011-ലെ ജനറൽ റൂൾസ് 4-ാം ഷെഡ്യൂൾ ഭാഗം III പ്രകാരം വർക്കിംഗ് സ്റ്റാൻഡേർഡ് ആയി ഉപയോഗിക്കാവുന്ന ഡിജിറ്റൽ ടൈപ്പ് ബാലൻസുകളുടെ കപ്പാസിറ്റി 50 കി. ഗ്രാം, 20 കി. ഗ്രാം, 2 കി.ഗ്രാം അഥവാ 200 ഗ്രാം ആണെന്നിരിക്കെ, ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടി കപ്പാസിറ്റിയിൽ അല്ലാത്ത എത്ര ഡിജിറ്റൽ ബാലൻസുകൾ വർക്കിംഗ് സ്റ്റാൻഡേർഡ് ആയി ഉപയോഗിക്കുന്നതിനായി വാങ്ങിയിട്ടുണ്ട്;</td>
<td rowspan="2">(സി) & (ഡി)</td>
<td rowspan="2">കട്ടികൾ പരിശോധിക്കുന്ന അവസരത്തിൽ നിയമപ്രകാരമുള്ള error മനസ്സിലാക്കണമെങ്കിൽ Maximum capacity, മേൽ ഷെഡ്യൂൾ പ്രകാരമുള്ള കപ്പാസിറ്റിയേക്കാൾ കൂടുതലായിരിക്കണം. ഇതിലേക്കായി Maximum capacity, ഷെഡ്യൂളിലെ കപ്പാസിറ്റിയേക്കാൾ കൂടുതൽ ഉള്ള ത്രാസ്സുകളാണ് ഈ സർക്കാരിന്റെ ഭരണകാലത്ത് വാങ്ങിയിട്ടുള്ളത്. Maximum capacity 52 കി.ഗ്രാം ഉള്ള 11 ത്രാസുകളും 3 കി.ഗ്രാമുള്ള 81 ത്രാസുകളും 220 ഗ്രാമുള്ള 20 ത്രാസുകളുമാണ് വാങ്ങിയിട്ടുള്ളത്.
<table>
<tr><th>കപ്പാസിറ്റി</th><th>മാക്സിമം കപ്പാസിറ്റി</th><th>ഇ-വാല്യൂ</th><th>ത്രാസുകളുടെ എണ്ണം</th><th>ആകെ തുക</th></tr>
<tr><td>50 കി.ഗ്രാം</td><td>52 കി.ഗ്രാം</td><td>1 ഗ്രാം</td><td>11</td><td>15,77,400</td></tr>
<tr><td>2 കി.ഗ്രാം</td><td>3 കി.ഗ്രാം</td><td>0.01 ഗ്രാം</td><td>81</td><td>80,33,742</td></tr>
<tr><td>200 ഗ്രാം</td><td>220 ഗ്രാം</td><td>0.1 മി.ഗ്രാം</td><td>20</td><td>20,55,360</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>അവയുടെ കപ്പാസിറ്റിയുടെയും അവ വാങ്ങുന്നതിനു ഒരോന്നിനും ചെലവാക്കിയ തുകയുടെയും വിശദവിവരം നൽകുമോ?</td>
</tr>
</table>

സെക്ഷൻ ഓഫീസർ